പ്രേക്ഷിതൻ,

സ്വീകർത്താവ്,

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, തിരുവനന്തപുരം - 695009

സർ,

വിഷയം : വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

വിവരാവകാശ നിയമപ്രകാരം താഴെപ്പറയുന്നവയുടെ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ എത്ര Sanctioned post ഉണ്ട് ?
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ?
3. ടി ഒഴിവുകളിൽ നേരിട്ടുള്ള നിയമനംവഴി നികത്തേണ്ട ഒഴിവുകൾ എത്ര?
4. പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം ലഭിച്ച എത്രപേർ ജോലി ചെയ്യുന്നുണ്ട് ?
5. പ്രസ്തുത തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട് ?
6. പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?
7. സെക്കന്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽനിന്നും 2021 ഓഗസ്റ്റ് മാസം 1 വരെ എത്രപേർക്ക് പ്രമോഷൻ ലഭിക്കാൻ സാധ്യത ഉണ്ട് ?

സ്ഥലം :

തീയതി : (ഒപ്പ് )

നം. എച്ച്.ഇ.സി.ഇ/454/2021/ബി4

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, മണക്കാട് പി.ഒ,
തിരുവനന്തപുരം - 695 009.
ഫോൺ/ഫാക്സ് : 0471 2459365/2459159
e-mail : ce.hed@kerala.gov.in
തീയതി: 24/09/2021

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സർ,

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - വിവരാവകാശം 2005 നിയമപ്രകാരം - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : 13/08/2021 തീയതി രേഖപ്പെടുത്തിയ താങ്കളുടെ അപേക്ഷ. അപേക്ഷ ഈ കാര്യാലയത്തിൽ ലഭിച്ച തീയതി. 01/09/2021.

മേൽ സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ 58 സാംങ്ഷൻഡ് തസ്തികകൾ ഉണ്ട്.
2. വകുപ്പിൽ ടി തസ്തികയിൽ നിലവിൽ 3 ഒഴിവുകൾ ഉണ്ട്.
3. ടി ഒഴിവുകൾ മൂന്നും നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടവയാണ്.
4. ടി തസ്തികയിൽ 55 പേർ സ്ഥിരം നിയമനം ലഭിച്ചവരാണ്
5. ടി തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല.
6. ടി തസ്തികയിലെ നിലവിലെ മൂന്ന് ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
7. ടി തസ്തികയിൽ ടി കാലയളവിൽ പ്രൊമോഷൻ നൽകാനുള്ളവർക്കെല്ലാം പ്രൊമോഷൻ നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

അപ്പീൽ അധികാരി
ചീഫ് എഞ്ചിനീയർ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, തിരുവനന്തപുരം - 695 009.

T4/sh